കൂലി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ മിനിമം കൂലി കൊടുക്കാത്ത സ്ഥാപനങ്ങളിൽത്തന്നെ കണ്ടുവരുന്ന ഒരു പ്രതിഭാസമാണ് പിരിച്ചുവിടൽ. പിരിച്ചുവിടൽ എന്നു പറയുന്നത് എളുപ്പജോലിയൊന്നുമല്ല. അതുകൊണ്ട് ഈ പിരിച്ചുവിടൽ പ്രക്രിയക്ക് അൽപം ഒരാശ്വാസമുണ്ടാകുമെന്നുള്ളതാണ് ഒരു പ്രത്യേകത. ഇതോടൊപ്പം ഒരു ഓഡർ അമെൻഡ്മെന്റ് കൊടുക്കുവാൻ കഴിഞ്ഞാലും കഴിഞ്ഞില്ലെങ്കിലും ബഹുമാനപ്പെട്ട തൊഴിൽ കാര്യമന്ത്രിയോട് എനിക്കൊരഭ്യർത്ഥനയുണ്ട്. അതായത് കോമ്പൻസേഷൻ നിശ്ചയിക്കുമ്പോൾ ഇന്നുള്ള നിയമത്തിൽ അപാകതകളുണ്ട് അതുമാറ്റി കോമ്പൻസേഷൻ നിശ്ചയിക്കുമ്പോൾ ഒരു വർഷത്തെ സർവ്വീസുള്ളവർക്ക് ഒരു മാസം ആനുകൂല്യം കിട്ടത്തക്കരീതിയിൽ ഒരു തീരുമാനമെടുക്കണമെന്നാണ്. നിലവിലുള്ള പല നിയമത്തിലും കാളിഫൈയിംഗ് പീരിയഡ് കഴിഞ്ഞാലല്ലാതെ അതിനർഹതവരികയില്ലാ എന്നുള്ള നയമുണ്ട്. അത് മാറ്റി ഏറ്റവും ചുരുങ്ങിയ വരുമാനമുള്ള ആളുകൾക്ക് ഞാൻ മുകളിൽ പറഞ്ഞതായ രീതിയിലുള്ള ആനുകൂല്യം നൽകണം. അതായത് കോമ്പൻസേഷൻ സെറ്റിൽ ചെയ്യുന്ന കേസ്സിൽ ഒരു വർഷം സർവ്വീസുള്ളവർക്ക് ഒരു മാസത്തിൽ കുറയാത്ത തുക എന്ന വ്യവസ്ഥ അംഗീകരിക്കുവാൻ തയ്യാറാകണം.

നമ്മുടെ സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക് അവർ ഏർപ്പെടുന്ന നിയമകേസ്സിൽ സഹായം കൊടുക്കുന്ന സംവിധാനം ഉണ്ട്. പിരിച്ചുവിടപ്പെടുന്നവർ കേസ്സിനു ഹൈക്കോടതിയേയോ ലേബർക്കോടതിയേയോ മറ്റോ സമീപിക്കണമെങ്കിൽ വക്കീലിന്റെ സഹായം പലപ്പോഴും ആവശ്യമായി വരാറുണ്ട്. അതുകൊണ്ട് ഷോപ്പ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻഡ് ആക്ടിന്റെ പരിധിയിൽവരുന്ന ജീവനക്കാരെ സംബന്ധിച്ചിടത്തോളം നിയമപരമായ സഹായത്തിനു ആവശ്യമായ സംവിധാനം കൂടി ഉണ്ടാകുവാൻ കഴിയുന്ന തരത്തിലുള്ള ഒരു നിർദ്ദേശം കൊടുക്കുവാൻ കഴിയണമെന്നുള്ള ഒരഭ്യർത്ഥനകൂടിയുണ്ട്. ഒരിക്കൽ കൂടി ഈ ബില്ലിനെ സ്വാഗതം ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

IX സന്ദർശക ഗ്യാലറിയിൽ മുദ്രാവാക്യം മുഴക്കൽ

മി. സ്പീക്കർ: ഇന്ന് രാവിലെ 11.55-ന് പബ്ലിക് ഗ്യാലറിയിൽ സന്നിഹിതരായിരുന്ന മൂന്നുപേർ മുദ്രാവാക്യം മുഴക്കി സഭാനടപടികൾക്ക് തടസ്സം സൃഷ്ടിച്ച സംഭവം ബഹുമാനപ്പെട്ട അംഗങ്ങൾ ഓർക്കുമല്ലോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് കക്ഷി നേതാക്കൻമാരും സംബന്ധിച്ചിരുന്ന സമ്മേളനത്തിൽ അവരെ ഹാജരാക്കുകയുണ്ടായി. അവരെ ചോദ്യം ചെയ്തതിൽ അവർക്കു പാസ് നൽകിയത് ശ്രീ. ജി. പി. മംഗലത്തുമഠവും ശ്രീ. എൻ. വാസുദേവൻ പിള്ളയുമാണെന്ന് അറിയാൻ കഴിഞ്ഞു. സഭാനടപടികൾ നടന്നുകൊണ്ടിരിക്കുമ്പോൾ മുദ്രാവാക്യം മുഴക്കുവാൻ ശ്രമിച്ചത് ഗുരുതരമായ അവകാശലംഘനമാണെന്നും അതുകൊണ്ട് അവർക്കു ഈ സമ്മേളനം അവസാനിക്കുന്നതുവരെ വെറും തടവുശിക്ഷ നൽകണമെന്നും യോഗം തീരുമാനിച്ചു. ഈ അവസരത്തിൽ ബഹുമാനപ്പെട്ട അംഗങ്ങളെ ഒരു കാര്യം ഓർമ്മിപ്പിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ബഹുജനങ്ങൾക്ക് സഭാനടപടികൾ വീക്ഷിക്കുന്നതിനുള്ള പാസ്സുകൾ നൽകുന്നത് ബഹുമാനപ്പെട്ട അംഗങ്ങളുടെ ശുപാർശ പ്രകാരമാണ്. അതിലേക്കുള്ള പൂർണ്ണ ഉത്തരവാദിത്വം

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട അംഗങ്ങൾ തന്നെ വഹിക്കേണ്ടതാണ്. ആ ഉത്തരവാദിത്വം മനസ്സിലാക്കിക്കൊണ്ട് പാസ്സുകൾ നൽകുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗങ്ങളെ ഒരിക്കൽകൂടി ഓർമ്മിപ്പിക്കുവാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു.

Minister for Finance **(Sri S. Varadarajan Nair)**: Sir, I move:

"This House resolves that persons calling themselves Sri Kunjan Pillai Padmanabhan, Sri Kesavan Nair Balachandran Nair and Sri Chellappan Nadar Ravi who shouted slogans from the Visiter's Gallery at 11·55 a.m. today September 26, 1979 and were taken into custody immediately thereafter, have committed a grave offence and are guilty of gross comtempt of this house.

This House further resolves that they be sentenced to simple imprisonment till 5 p.m. on October 12, 1979 and be sent to the Central Prison, Trivandrum."

Minister for Labour and Housing **(Sri M. K. Raghavan)**: I second it.

Mr. Speaker: The resolution is adopted.

1979 ലെ കേരള ഷോപ്പുകളും വാണിജ്യ സ്ഥാപനങ്ങളും സംബന്ധിച്ച (ഭേദഗതി) ബിൽ—(തുടർച്ച)

ശ്രീ. പി. ബി. ആർ. പിള്ള: കേരളാ ഷോപ്പ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ്സ് ആക്ടിൻറെ പരിധിയിൽപ്പെടുന്ന ജീവനക്കാരെ സംബന്ധിച്ചിടത്തോളം, അവർ ഫാക്ടറീസ് ആക്ടിൻറെ പരിധിയിൽപ്പെടാതെ ഏതാണ്ട് രണ്ടും നാലും അഞ്ചും ആളുകൾ സ്കാറ്റേഡ് ആയിട്ട് ജോലി ചെയ്യുന്ന വിഭാഗമാണ്. അവരെ സംബന്ധിച്ചിടത്തോളം ഇന്നുള്ള നിയമ സംരക്ഷണം വളരെ ലഘൂകരിക്കണമെന്നുള്ള കാര്യം ഈ സഭയിലെ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും സമ്മതിക്കുമെന്നാണ് ഞാൻ കരുതുകയാണ്. ഈ ബില്ല് നിയമമാകുന്നതോടുകൂടി പിരിച്ചുവിടൽ സമയത്തുള്ള നഷ്ടപരിഹാരത്തിൻറെ പ്രശ്നം പരിഹരിക്കപ്പെടുന്നുണ്ട്. അതേ സമയത്ത് ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന കോമ്പൻസേഷൻ എന്ന കാര്യം എത്രകണ്ട് പ്രയോജനപ്പെടുത്തുവാൻ സാധിക്കുമെന്നുള്ളതിനെ സംബന്ധിച്ച് സംശയമുണ്ട്. ഒരു തൊഴിലാളിയെ പിരിച്ചുവിട്ടാൽ, ആ പിരിച്ചുവിടൽ തെറ്റാണെന്നും യാതൊരു കാരണവും കൂടാതെയാണ് പിരിച്ചുവിട്ടത് എന്നും കാണിച്ചുകൊണ്ട് അറുപത് ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയെ സമീപിക്കുകയും അപ്പലേറ്റ് അതോറിറ്റി പിരിച്ചുവിടൽ തെറ്റാണെന്നുള്ള നിഗമനത്തിൽ എത്തിച്ചേരുമ്പോൾ പിരിച്ചുവിട്ടത് തൊട്ട് അപ്പലേറ്റ് അതോറിറ്റി നിഗമനത്തിൽ എത്തിച്ചേരുന്നതുവരെയുള്ള കോമ്പൻസേഷനും റിട്രൻഞ്ചുമെൻറിനുള്ള കോമ്പൻസേഷനും രണ്ടായിട്ടാണ് കാണുന്നത്. പിരിച്ചു വിടൽ അംഗീകരിക്കുന്ന കാലംവരെയുള്ള വെളിയിൽനിന്ന സമയം കോമ്പൻസേഷനെ സംബന്ധിച്ചിടത്തോളം അത് കോമ്പൻസേഷനായി കണക്കാക്കണമോ ബേക്ക് വേജസ് ആയി കണക്കാക്കണമോയെന്നുള്ള കാര്യത്തെക്കുറിച്ച് ഗവൺമെൻറ് പരിശോധിക്കണം. കോമ്പൻസേഷനായിട്ടാണ് കണക്കാക്കുന്നതെങ്കിൽ ഈ കോമ്പൻസേഷനെ വെളിയിൽ നിന്ന കാലത്തെ ബേക്കുവേജസുമായി തുലനം ചെയ്ത് എതാണ് കൂടുതൽ തുക, ആ തുക കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം. അതുപോലെതന്നെ റിട്രഞ്ചുമെൻറിനുള്ള കോമ്പൻസേഷനും പിരിച്ചുവിടൽ അംഗീകരിക്കുന്നതുവരെയുള്ള ബേക്ക്വേജസും കൊടുക്കുവാനുള്ള ഒരു സംവിധാനവും

LIBRARY ARCHIVES Kerala Legislative Assembly